
ഇതളുകൾ
ലിറ്റിൽ കൈറ്റ് 2022-25 ഡിജിറ്റൽ മാഗസിൻ
ജി എച്ച് എസ് എസ് തൊളിക്കോട്
little
KITEs

# ആമുഖം

സംസ്ഥാനത്തെ സ്കൂളുകളിൽ കുട്ടികളുടെ സർഗ്ഗവാസനകളെ പ്രോത്സാഹിപ്പിച്ചുകൊണ്ട് നിർമിക്കുന്ന ഡിജിറ്റൽ മാഗസിൻ എഴുത്തുവിജ്ഞാനത്തിന്റെ  വാതായനങ്ങൾ തുറന്ന് കൗതുകത്തിന്റെ തിരച്ചിലിൽ വിഹായസിലേക്ക് പറന്നുയരാൻ വെമ്പുന്ന കുട്ടികൾക്കു ഇങ്ങനെയുള്ള പ്രോത്സാഹനങ്ങൾ പ്രചോദനമാകുന്നു.

ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ തൊളിക്കോടിലെ സാഹിത്യ പ്രവർത്തനത്തിലൂടെ കുട്ടികൾ രൂപീകരിച്ച കഥകളും കവിതകളും ലേഖനങ്ങളും മറ്റും മാസികയ്ക്കു മിഴിവേകുന്നു. കുഞ്ഞു മനസുകളിൽ വിരിഞ്ഞ രചനകൾ നിങ്ങൾക്കായ് അവതരിപ്പിക്കുന്നു.

സ്നേഹപൂർവം

ലിറ്റിൽ കൈറ്റ്  2022-2025

# ആശംസകളോടെ



മനോഹരമായ ചിത്രങ്ങളാലും രചനകളാലും തങ്ങളുടെ കഴിവ് തെളിയിച്ച തൊളിക്കോട് ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റിലെ പ്രിയപ്പെട്ട വിദ്യാർത്ഥികളുടെ ഡിജിറ്റൽ മാഗസിൻ മനോഹരമാക്കാൻ പ്രോത്സാഹനവും പ്രചോദനവും നൽകിയ എല്ലാ അദ്ധ്യാപകർക്കും ലിറ്റിൽ കൈറ്റിലെ എല്ലാ അംഗങ്ങൾക്കും ഹൃദയം നിറഞ്ഞ ആശംസകൾ. പുത്തൻ ആശയങ്ങൾ ആസ്വാദക ഹൃദയങ്ങളിലേക്ക് പകർത്താൻ ഇനിയും നിങ്ങൾക്ക് കഴിയട്ടെ .

ഹൃദയം നിറഞ്ഞ ആശംസകൾ

**സുജാത വി**

**ഹെഡ്മിസ്ട്രസ്**

# നമ്മുടെ വിദ്യാലയം



# ചീഫ് എഡിറ്റർ



നന്ദകിഷോർ

## സബ് എഡിറ്റേഴ്സ്



ഫാത്തിമ എസ്



അൽനൂറ



ആമിന




മുഹസിന



നഫീനഫാത്തിമ



ഷഹാന



ഹുസ്ന



മർഷാന ഫാത്തിമ



ആമിന

# ഉള്ളടക്കം


| നമ്പർ | | പേജ് നമ്പർ |
|---|---|---|
| 1. | 2022-23 വർഷത്തെ ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ | 7 |
| 2. | തുഞ്ചന്റെ തത്ത | 10 |
| 3. | അമ്മ | 11 |
| 4. | കഴുതയുടെ സ്നേഹം | 12 |
| 5. | അക്ഷര മധുരം | 13 |
| 6. | ഭൂമിയുടെ അവകാശികൾ | 14 |
| 7. | മഴവില്ല് | 15 |
| 8. | കടങ്കഥകൾ | 16 |
| 9. | മഴ | 17 |
| 10. | ഡിജിറ്റൽ പെയിന്റിംഗ് | 18 |
| 11. | വായനദിന കവിത | 19 |
| 12. | മരണമില്ലാഭൂമി | 20 |
| 13. | രണ്ട് കാക്കകൾ | 21 |
| 14. | കടങ്കഥകൾ | 22 |
| 15. | താരകം | 23 |
| 16. | മഹത്‌വചനങ്ങൾ | 24 |
| 17. | മനുഷ്യനും വായനയും | 25 |
| 18. | എന്റെ ഭൂമി | 26 |
| 19. | പൂമ്പാറ്റ | 27 |
| 20. | പുലർകാലം | 28 |
| 21. | മഴക്കഥ | 29 |
| 22. | എഴുത്തച്ഛന്റെ തത്ത്വചിന്താവരികൾ | 30 |




# 2023-24 വർഷത്തെ ലിറ്റിൽ കൈറ്റ്സ് പ്രവർത്തങ്ങൾ

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ഹൈടെക് സ്കൂൾ പദ്ധതിയുടെ ഫലമായി സ്കൂളുകളിൽ ഹൈടെക് ക്ലാസ് റൂമുകൾ ഐ സി ടി അധിഷ്ഠിതപഠനവും യാഥാർഥ്യമാക്കുകയാണ്.എല്ലാ സ്കൂളുകളിലും ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കിയതോടെ കൂടുതൽ സാങ്കേതികമായ അറിവുകൾ കുട്ടികളിൽ എത്തിച്ചേരുന്നു.

2023-24 അധ്യയനവർഷത്തിന്റെ ആരംഭത്തിൽ തന്നെ എട്ടാം ക്ലാസ് കുട്ടികൾക്ക് ലിറ്റിൽ കൈറ്റ്സ് അഭിരുചി പരീക്ഷ നടത്തുകയും അതിൽ നിന്ന് 20 അംഗങ്ങളെ ഉൾപ്പെടുത്തി എൽ കെ ബാച്ച് 2023-26 രൂപീകരിക്കുകയും ചെയ്തു. കുട്ടികളുടെ ആശയങ്ങളും ചിന്തകളും പ്രവർത്തനങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് അവരുടേതായ ഒരു പുതിയ സാങ്കേതിക ലോകത്തേക്ക് അവർ മുന്നേറുന്നു. അതോടൊപ്പം പുതിയ അറിവുകൾ കൈവരിക്കുവാനും ഈ അറിവുകൾ അവരിൽ മാത്രം ഒതുങ്ങാതെ മറ്റുള്ളവരിലേക്കും എത്തിക്കുവാനായി പ്രവർത്തിക്കുകയും ചെയ്യുന്നു.

## പ്രവർത്തനങ്ങൾ



ആഗസ്റ്റ് മാസത്തിൽ സ്കൂൾതലത്തിൽ ഐ.റ്റി ഫെസ്റ്റ് നടത്തുകയുണ്ടായി.മൂന്ന് ബാച്ചിലേയും കുട്ടികൾ റോബോട്ടിക്,സ്ക്രാച്ച് ,അനിമേഷൻ പ്രോഗ്രാം തയ്യാറാക്കി കുട്ടികൾക്ക് അവ കാണാനുള്ള വേദി ഒരുക്കുകയും ചെയ്തു. 7 ദിവസം നീണ്ടുനിന്ന ഈ ഫെസ്റ്റ് കുട്ടികൾക്ക് ആകർഷകവും വിജ്ഞാന പ്രദവുമായിരുന്നു.തുടർന്ന് തിരുവനന്തപുരത്ത് സംഘടിപ്പിച്ച ഫ്രീഡം ഫെസ്റ്റിൽ പങ്കെടുക്കുന്നതിന് 8,9 ക്ലാസ്സുകളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളെ കൊണ്ട് പോവുകയുണ്ടായി.

സെപ്റ്റംബർ മാസത്തിൽ അമ്മമാർക്കായി ഒരു സൈബർ സുരക്ഷാബോധവല്ക്കരണ ക്ലാസ് നടത്തി.



അമ്മമാർക്കുള്ള ക്ലാസ്

യൂ.പി ക്ലാസുകളിലെ കുട്ടികൾക്ക അനിമേഷൻ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ലിറ്റിൽ കൈറ്റ്സ് അംഗംങ്ങൾ ക്ലാസ്സെടുത്തു.






ഇതുപോലെതന്നെ ഒട്ടനവധി മുന്നേറ്റങ്ങൾ ലിറ്റിൽ കൈറ്റ്സ് പ്രോഗ്രാമിലൂടെ കുട്ടികൾക്ക നേടാൻ സാധിക്കുകയും ചെയ്തു.

ഒക്ടോബർ മാസത്തിൽ  ഒൻപതാം ക്ലാസ്സിലെ എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളും സ്ക്രാച്ച് സോഫ്റ്റ്‌വെയർ ഉപയോഗിച്ച്.പ്രോഗ്രാമുകൾ തയ്യാറാക്കുകയും സ്കൂൾ തലത്തിൽ പ്രോഗ്രാം പ്രദർശനം നടത്തുകയും ചെയ്തു.

ഒൻപതാം ക്ലാസ്സിലെ മലയാളം പാഠപുസ്തകത്തിലെ കവിതകൾ കുട്ടികളും അദ്ധ്യാപകരും ചൊല്ലി ഒരു ഓഡിയോ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ റിലീസ് ചെയ്തു.

നവംബർ മാസത്തിൽ നിർമിത ബുദ്ധി ക്ലാസുകൾ മനസിലാക്കിയ ശേഷം ചാറ്റ് ജി പി റ്റി യിൽ ആകർഷകരാവുകയും പ്രസന്റേഷനിലൂടെ മറ്റ് ക്ലാസ്സുകളിലെ കുട്ടികൾക്കു ചാറ്റ് ജി പി റ്റി ക്ലാസുകൾ നൽകുകയും ചെയ്തു.




ഒൻപതാം ക്ലാസ്സിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ സ്കൂൾ തല ക്യാമ്പിൽ നിന്നും 4 കുട്ടികളെ അനിമേഷനും 4  കുട്ടികളെ പ്രോഗ്രാമിങിനും തിരഞ്ഞെടുക്കുകയുണ്ടായി. ജി.വി.എച്ച്.എസ്.എസ് വിതുരയിൽ വച്ച് നടന്ന സബ് ജില്ലാ ക്യാമ്പിൽ ഈ 8 കുട്ടികൾ പങ്കെടുക്കുകയും അതിൽ നിന്നും ഒൻപതാം ക്ലാസ്സിലെ ലിറ്റിൽ കൈറ്റ്സ് അംഗമായ നന്ദ കിഷോർ ജില്ലാ തലത്തിൽ പ്രോഗ്രാമിങ്ങിനു സെലക്ഷൻ കിട്ടുകയുണ്ടായി.

ഇതുപോലെ നിരവധി  ലിറ്റിൽ കൈറ്റ്സ് പ്രോഗ്രാമിലൂടെ കുട്ടികൾക്കു മുൻനിരയിലെത്താൻ സാധിക്കുകയും ചെയ്തു.

# തുഞ്ചന്റെ തത്ത



**പത്താം ക്ലാസ് ലിറ്റിൽ കൈറ്റ് അംഗം
ഇർഫാന്റെ പെൻസിൽ ഡ്രോയിംഗ്**

# അമ്മ



അ എന്നഅക്ഷരത്തിൽ തുടങ്ങുന്ന വെറുമൊരു
വാക്കുമാത്രമല്ലെൻ 'അമ്മ ...
ജീവന്റെ ജീവനായ് കൺമുന്നിൽ വാഴ്ന്നിടും
ദൈവമാണെന്നമ്മ ...
മറ്റൊന്നാലും പകരം വയ്ക്കാനാകാത്ത
പുണ്യമാണമ്മ...
ജീവിതമാകുന്ന വിദ്യാലയത്തിൽ ആദ്യത്തെ
ഗുരുവായ് നന്മയാം പാതയെ കാട്ടുമമ്മ...
സമുദ്രത്താലേറെ ആഴമേറിടും എൻ അമ്മതൻ
സ്നേഹമാണെൻ പുണ്യം....
മാതൃവാത്സല്യത്തിൻ തേൻനുകർന്നിടുമ്പോൾ
വർണശോഭയാൽ പാറുന്നശലഭമായ് മാറുന്നുഞാൻ...
വിശന്നിടും എൻ വയറിനായ് ഉരുളയൂട്ടി
വിശപ്പകറ്റിയ കൈകളും..
ആ കൈകൾ കോർത്ത് പിച്ചവെച്ചുഞാൻ
നടന്നിരുന്നു...
ഇന്ന് എൻ കൈകൾ പിടിച്ചുയർത്തിടുന്നു ഞാൻ ...
അമ്മതൻ മടിത്തട്ടിൽ കിടന്നിടും നേരം
മധുരമൂറും അമ്മതൻ താരാട്ടുപാട്ടിൽ
അലിഞ്ഞുമറ്റെന്തുംമറന്നു ഞാൻ മയങ്ങിടുന്നു..
അകമേ പൊള്ളുന്ന വേദനയിലും ചുണ്ടിൽ
വാടാത്ത ചെറുപുഞ്ചിരിയുമായി കെടാവിളക്കായ്
എൻ അരികിൽ നിന്നിടുമെന്നമ്മ .....

**അൽ നൂറ.എസ് .എസ്**

# കഴുതയുടെ സ്നേഹം



ഒരു മുതലാളിക്ക് ഒരു കഴുതയും കുതിരയും ഉണ്ടായിരുന്നു . അതിൽ കുതിരയെ മുതലാളിക്ക് ഭയങ്കര വിശ്വാസവും സ്നേഹവും ആയിരുന്നു . ആയതിനാൽ കഴുതയെ കൂടുതൽ ശ്രദ്ധിക്കാനോ സമയം കണ്ടത്തി ആഹാരം കൊടുക്കാനോ മുതലാളി നോക്കിയില്ല . ആയതിനാൽ കഴുതയുടെ മാനസിക അവസ്ഥ വല്ലാതെ തളർന്നത് ആയിരുന്നു . അങ്ങനെ ഇരിക്കെ ഒരു ദിവസം മുതലാളി ഇല്ലാത്ത സമയത്തു കുതിര മുതലാളിയുടെ ധാന്യങ്ങൾ ശേഖരിച്ച പത്തായ പുരയിൽ കേറുകയും അതിൽ നിന്നും പുതിയതായി എടുത്തുകൊണ്ട് പുറത്തു കൊടുക്കാൻ വെച്ചിരുന്ന കുറച്ച ധാന്യങ്ങൾ എടുത്തുകൊണ്ട് വേറെ ആൾക്ക് കൊടുക്കുകയും ചെയ്തു .മുതലാളി നോക്കിയപ്പോൾ കാണാത്തതു കൊണ്ട് രണ്ടു പേരെയും വിളിച്ചു വരുത്തി ചോദിക്കുകയും കുതിര കഴുത എടുത്ത കൊണ്ട് പോവുന്നത് കണ്ടുവെന്നും തടയാൻ ശ്രമിച്ചപ്പോൾ തന്നെ തല്ലാൻ വന്നു എന്നും നുണ പറയുകയും ചെയ്തു . അങ്ങനെ കഴുതയെ മുതലാളി കുറെ പ്രാവശ്യം അടിക്കുകയും അന്നത്തെ ആഹാരം കൊടുക്കാതെ പൂട്ടി ഇടുകയും ചെയ്തു . ഇതെല്ലാം കണ്ടു കൊണ്ട് അവിടെ ഒരു പ്രാവ് ഇരിക്കുന്നുണ്ടായിരുന്നു . പിറ്റേന്നും മുതലാളി പുറത്തു പോയ സമയം നോക്കി കുതിര ഇത് തന്നെ തുടർന്ന് ഇത് കണ്ടു കൊണ്ട് വന്ന കഴുത തടയാൻ ശ്രമിച്ചു ആ സമയം കുതിരയുടെ അതി ശക്തമായ കാലുകൾ കൊണ്ട് കഴുതയെ ആഞ്ഞു ചവുട്ടി .പാവം കഴുത ചവിട്ടിന്റെ ആഘാതം കൊണ്ട് ദൂരേക്ക് പോയി വീണു. ഇത് കണ്ടുകൊണ്ട് നിന്ന പ്രാവിനു സഹിച്ചില്ല അവിടെ നിന്നും പറന്നു തന്റെ സുഹൃത്തുക്കളുടെ അടുത്തേക്ക് ചെന്ന് അവരെയും കൂട്ടി കുതിരയെ ഒരു പാഠം പഠിപ്പിക്കാൻ തന്നെ പ്രാവ് തീരുമാനിച്ചു . അങ്ങനെ അവർ എല്ലാവരും കൂടെ കുതിരയെ ആക്രമിക്കാൻ തുടങ്ങി . അപ്പോഴേക്കും കുതിരയുടെ പുറത്തിരുന്ന ധാന്യങ്ങൾ ചാക്കിൽ നിന്നും പൊട്ടി താഴേക്ക് വീഴുന്നു . ഇത് കണ്ട മുതലാളി ദൂരെ നിന്നും ഓടിയെത്തി കാര്യം പ്രാവിനോട് ചോദിച്ചു എല്ലാം വിശദമായി പ്രാവ് മുതലാളിയോട് പറഞ്ഞു ഇതെല്ലാം കേട്ട് ദേഷ്യം കേറിയ മുതലാളി കുതിരയെ അവിടെ നിന്നും പറഞ്ഞു വിട്ടു കഴുതയെ അവിടത്തെ ഏറ്റവും വലിയ വൈദ്യനെ കൊണ്ട് കാണിച്ചു സുഖപ്പെടുത്തി ക്ഷേമ ചോദിച്ചു അതിനു ശേഷം കഴുത അവിടത്തെ എല്ലാം എല്ലാം ആയി സന്തോഷം ആയിട്ടു ജീവിച്ചു . `കൂട്ടുകാരെ ഇതില്ലേ ഗുണപാഠം എന്ന് വെച്ചാൽ തെറ്റ് ചെയ്യുന്നവൻ എന്നായാലും പിടിക്ക പെടും '.

**ആമിന റ്റി**

# അക്ഷരമധുരം



പുസ്തകമെന്ന ചിപ്പിക്കുള്ളിൽ വിജ്ഞാനങ്ങൾ പലതാണ് കഥകൾ കവിതകൾ , പാട്ടുകളെല്ലാം അങ്ങനെ പലതരം അറിവാണ് അക്ഷരമധുരം നുണയാനായി പുസ്തക വായന ശീലിക്കാം ..... അറിവില്ലെങ്കിൽ നാമില്ല അറിവിൽ അഹന്ത പാടില്ല പുസ്തക വായന ശീലിക്കാം പുസ്തകമെല്ലാം വായിക്കാം.....

ആസിയ നസ്റിൻ

# ഭൂമിയുടെ അവകാശികൾ



മലയാള സാഹിത്യത്തിലെ സുൽത്താൻ വൈക്കം മുഹമ്മദ് ബഷീറിന്റെ മനോഹരമായ രചനയാണ്'' ഭ്രൂമിയുടെ അവകാശികൾ '.'

മനുഷ്യരെപോലെ തന്നെ മറ്റ ജീവജാലങ്ങൾക്കും ഈ ഭ്രൂമിയിലും ഇവിടുത്തെ വിഭവങ്ങളിലും അവകാശമുണ്ടെന്ന് സമർഥിക്കുകയാണ് ഈ കഥയിലൂടെ ബഷീർ ചെയ്യുന്നത്.

വളരെ ലളിതമായി നർമ്മ ബോധത്തോടെ എല്ലാവർക്കും രസിക്കുന്ന രീതിയിലാണ് ഇതിന്റെ അവതരണം .കാലത്തിനു മുമ്പേ ബഷീർ എന്ന എഴുത്തുകാരൻ സഞ്ചരിച്ചു എന്നതിന് ഉത്തമ ഉദാഹരണമാണ് .കാലത്തിനൊപ്പം സഞ്ചരിക്കുന്ന ഈ ചെറുകഥ .താൻ വില കൊടുത്തു വാങ്ങിയ തനിക്കു മാത്രം അവകാശമുള്ള പുരയിടത്തിൽ അനുവാദം കൂടാതെ കടന്നു വരുന്ന പക്ഷികൾ , ചിത്രശലഭങ്ങൾ, പാമ്പ് ,പഴുതാര ,എലി ,ഉറുമ്പ് ജീവികളെ കൊല്ലാനോ ആട്ടി പായിക്കാനോ നിൽക്കാത്ത ഗൃഹനാഥനും ,അവരെ തുരത്തി ഓടിക്കാൻ അയാളുടെ ഭാര്യ നടത്തുന്ന ശ്രമങ്ങളാണ് ഈ കഥയിൽ നമുക്ക് കാണാൻ കഴിയുന്നത് പാമ്പിനെ കണ്ടപ്പോഴും, പഴുതാര കടിച്ചപ്പോഴും തനിക്ക് എന്ത് സംഭവിച്ചാലും കുഴപ്പമില്ല അവയെ കൊല്ലരുത് ,അവയും ഈശ്വരൻ സൃഷ്ടിച്ചതാണ് എന്ന് പറയുന്ന ഗൃഹനാഥൻ മനുഷ്യന് നേരിട്ട് ഉപകാരമുള്ള ജീവികൾ മാത്രമേ ജീവിച്ചിരിക്കേണ്ടതുള്ളൂ എന്നും ഉപകാരമില്ലാത്തവയേയും ഇങ്ങോട്ട് ഉപദ്രവിക്കുന്നവയേയും കൊന്നൊടുക്കണം എന്നുള്ള സ്വാർത്ഥതയേയും ചോദ്യം ചെയ്യുന്നു .തൊടിയിലെ ചക്കയും പേരക്കയും അണ്ണാനും കാക്കയും തിന്നു പോകുന്നുവെന്ന് ഭാര്യ പരാതി പറയുമ്പോൾ അത് എല്ലാർവർക്കും ഉള്ളതാണെന്ന് അദ്ദേഹം ഓർമപെടുത്തുന്നു .ഇതു വായിച്ചു തീരുമ്പോൾ നമ്മുടെ മനസ്സും പറയുന്നത് കേൾക്കാം ജീവികളായ സർവ ജീവികളും ഭ്രൂമിയുടെ അവകാശികളാണ് .

**അലീന ഫാത്തിമ**

# മഴവില്ല്



മഴവില്ല് മഴവില്ല്
സുന്ദരമായൊരു മഴവില്ല്
വർണ്ണങ്ങൾവിതറും മഴവില്ല്
മേഘങ്ങൾക്കിടയിലിരിക്കും മഴവില്ല്
പുഞ്ചിരിതൂകും മഴവില്ല്

ജാസിയ ജവഹർ

# കടങ്കഥകൾ

അകത്തിരിപ്പോനെ പുറത്തു കാട്ടും കണ്ണാടി – മുഖം

അകത്തുനിന്നു നോക്കിക്കാണം കണ്ടതെല്ലാം
ഉള്ളിലാക്കും – ക്യാമറ

അക്കരെ നിൽക്കും കൊക്കമ്പി
ഇക്കരെ നിൽക്കും കൊക്കമ്പി
കടലിൽ ചാടും കൊക്കമ്പി – സൂര്യൻ

അകത്തു തിരിയിട്ടു പുറത്ത് മുട്ടയിട്ടു – കുരുമുളക്

ഹാവു എന്ത് കറുപ്പ് കുറച്ച കഴിഞ്ഞാൽ
കാണില്ല ആ കാട – പുക

സൂര്യനിലുണ്ട് , ചന്ദ്രനിലില്ല
ചിങ്ങത്തിലുണ്ട് മീനത്തിലില്ല ഞാനാര്? – സൂചി

സുന്ദരനെങ്കിലുമൊറ്റക്കണ്ണൻ – കുന്നിക്കുരു

സദ്യയ്ക്ക് മുന്നിൽ ഇലയ്ക്ക് പിന്നിൽ – കറിവേപ്പില

ശിശി ,ശിശ്രു രണ്ടൊച്ച
അടുത്ത് നോക്കി നൂറോട്ട – ദോശ

അങ്ങോട്ടോട്ടും ഇങ്ങോട്ടോട്ടും
നേരെ നിന്നാൽ സത്യം പറയും – ത്രാസ്

ആരതി അജിത്ത്

# മഴ



കാർമേഘങ്ങൾ മാനത്ത്
നിരനിരയായി നീങ്ങുന്നു
പറവകളെല്ലാം  പാറുന്നു
സമയമിതായോ കൂടണയാൻ
ഇടിയും മിന്നലുമൊന്നിച്ചു
ചട പട ശബ്ദം കേൾക്കുന്നു
തവളകൾ ചാടി പാടുന്നു
മയിലുകൾ നൃത്തം വെയ്ക്കുന്നു
എന്റെ മനസ് കൊതിക്കുന്നു
മഴയിൽ ഒന്ന് നനഞ്ഞീടാൻ

അക്ഷയ കൃഷ്ണൻ



**പത്താം ക്ലാസ് ലിറ്റിൽ കൈറ്റ് അംഗം ഇർഫാന്റെ ഡിജിറ്റൽ പെയിന്റിംഗ്**

# വായനദിന കവിത



അറിവിന്റെ കണ്ണാടി വച്ചുനോക്കി ഞാൻ
പുസ്തക താളിലെ അക്ഷര ലോകത്ത്
അറിയുന്നു ഞാൻ അക്ഷരങ്ങളിലൂടെ
മനസിലായി ഞാൻ ആരാനും ഏതാനും
വളരുവാനുണ്ടു ഇനിയും
വളരട്ടെ അതിനായി ഇനിയും
ഞാൻ വായിച്ചു വളരണം

റിൻസി

# മരണമില്ല ഭൂമി



ഞാൻ ഭൂമി മരണമില്ലാ ഭൂമി
ജീവനുള്ള ഭൂമി ജീവജലമുള്ള ഭൂമി
മനുഷ്യരും പറവകളും മൃഗങ്ങളും
വസിക്കുന്ന ഭൂമി മലകളും പുഴകളും
മരങ്ങളും വസിക്കുന്ന ഭൂമി
ഞാൻ ഭൂമി മരണമില്ലാ ഭൂമി
സൂര്യനെ കറങ്ങും ഭൂമി
ഞാൻ ഭൂമി മരണമില്ലാ ഭൂമി

തൻസീർ

# രണ്ട് കാക്കകൾ

ഒരിടത്ത് ഒരിടത്ത് രണ്ട് കൂട്ടുകാർ ഉണ്ടായിരുന്നു. മിട്ടുകാക്കയും മിന്നുകാക്കയും. അങ്ങനെയിരിക്കുമ്പോൾ ഒരു ദിവസം മിട്ടുകാക്ക പറഞ്ഞു ഞാനാണ് ശക്തിയുള്ളവൻ അപ്പോൾ മിന്നുകാക്ക പറഞ്ഞു അല്ല ഞാനാണ് ശക്തിയുള്ളവൻ.മിട്ടുകാക്ക വീണ്ടും ഞാനാണ് മിടുക്കൻ മിന്നുകാക്ക അല്ല ഞാനാണ് മിടുക്കൻ. അങ്ങനെ രണ്ട് പേരും തമ്മിൽ വാക്ക് തർക്കമായി. അപ്പോൾ മിട്ടുകക്ക പറഞ്ഞു എങ്കിൽ നമുക്കൊരു മത്സരം വെക്കാം. ആരാണ് ഉയരത്തിൽ പറക്കുന്നത് അവനാണ് ഈ മത്സരത്തിൽ വിജയിക്കുന്നത്. അവനാണ് ശക്തിയുള്ളവനും മിടുക്കനും. മിന്നുകാക്ക സമ്മതിച്ചു.മിന്നു അറിയാതെ മിട്ടു തന്റെ സഞ്ചിയിൽ പഞ്ഞിയും മിന്നുവിന്റെ സഞ്ചിയിൽ ഉപ്പും നിറച്ചു.

മിട്ടുകാക്ക ഒരു ക്രൂരനായ ചങ്ങാതിയായിരുന്നു. തന്റെ ചങ്ങാതിയെ മിട്ടു ചതിക്കുന്നു, എന്നാൽ മിന്നു ഇതറിയുന്നില്ല. അങ്ങനെ മത്സരം ആരംഭിച്ചു. മിട്ടുകാക്ക ഉയരത്തിൽ പറന്നു എന്നാൽ മിന്നുവിന്ന് ഉയത്തിൽ പറക്കാൻ കഴിയുന്നില്ല.

അങ്ങനെ അവർ കുറച്ചു ദൂരം പറന്നു. അപ്പോഴാണ് മഴ വന്നത്.പതിയെ മിന്നുവിന്റെ സഞ്ചിയുടെ ഭാരം കുറയാൻ തുടങ്ങി. മിട്ടുവിന്റെ സഞ്ചിയുടെ ഭാരം വർദ്ധിച്ചു. അവൻ പഞ്ഞി നിറച്ച സഞ്ചിയായതുകൊണ്ട് മഴ വെള്ളം വീണപ്പോൾ ഭാരം കൂടി. മിന്നുവിന്റെ സഞ്ചിയിലെ ഉപ്പ് വെള്ളത്തിൽ അലിഞ്ഞുപോവുകയും ചെയ്തു. മിന്നുവിന് ഭാരം കുറഞ്ഞത് കൊണ്ട് ഉയത്തിൽ പറക്കാൻ കഴിഞ്ഞു. മിട്ടുവിനു ഭാരം കൊണ്ട് ഉയരത്തിൽ പറക്കാൻ കഴിയുന്നില്ല. അങ്ങനെ മിന്നു മത്സരത്തിൽ വിജയിച്ചു

ഗുണപാഠം :- മറ്റുള്ളവരെ ചതിച്ചുകൊണ്ട് നമുക്ക് വിജയിക്കാൻ കഴിയില്ല.

# കടങ്കഥകൾ

അക്കരെ ഇക്കരെ നിൽക്കും കുട്ട്യാന
ചോടെ മീതെ പോകും കുട്ടിയാന – വിമാനം

അച്ഛൻ തന്ന ചോറുരുള
തിന്നിട്ടും തിന്നിട്ടും തീരുന്നില്ല – ചുണ്ണാമ്പ്

അച്ഛൻ സൂര്യൻ അമ്മ കടല്
കുടിൽ തൊട്ട് കൊട്ടാരം വരെ
പ്രവേശനമുള്ള ഇത്തിരിക്കുഞ്ഞന്റെ
പേര് ചൊല്ലാമോ? – ഉപ്പ്

അച്ഛൻ തന്ന ചേല മുക്കീട്ടും
മുക്കീട്ടും നനയുന്നില്ല – താമരയില

അടയ്ക്കും തുറക്കും മണിമുത്തിൻ പത്തായം – കണ്ണ്

അടത്തിട്ട കൊട്ടത്തേങ്ങ രുക്കിപ്പിടിക്കാൻ ഞെട്ടില്ല – കോഴിമുട്ട

അകത്തൊരു കുട്ടിച്ചാത്തൻ അങ്ങോട്ടിങ്ങോട്ടോട്ടുന്നു – എലി

അതാ പോകുന്നു ഒന്നിങ്ങു പിടിച്ചാൽ ആയിരം പൊൻപണം
സമ്മാനം – കാറ്റ്

വിശറി വീശി നടക്കുന്നു ചൂട്ട് മിന്നിച്ച് നടക്കുന്നു,ചങ്ങലയിട്ട്
നടക്കുന്നു – ആന

ആരതി അജിത്ത്

# താരകം



എന്ത് നിനക്കിത്ര ഭംഗി

വാനമേ പറയൂ

നിന്നിൽ അലിഞ്ഞുവോ നക്ഷത്ര തിളക്കം

എന്റമ്മ ചൊല്ലിത്തന്ന കഥകൾ

നിന്റെയീ സുന്ദര ലാവണ്യം അല്ലയോ-

ഒരു മിന്നാമിനുങ്ങിൻ വെളിച്ചമായി മിന്നിമറയുന്നു

നീ എത്ര സുന്ദരി

നീ എത്ര സുന്ദരി

**മുഹമ്മദ് നിധാൻ**

# മഹത് വചനങ്ങൾ

കണ്ണുകൾ തുറന്ന് സ്വപ്നം കാണാൻ പഠിപ്പിച്ച അത്ഭുത ലോകമാണ് വായന

**– ഗാരിസൺ കൊയിലർ**

എഴുതാനും വായിക്കാനും കഴിയുന്ന ഒരാൾക്ക് നാല് കണ്ണുകളാണ്ഉള്ളത് **– ആർബേനിയൻ പഴമൊഴി**

കൈയിൽ പിടിച്ച സ്വപ്നമാണ് പുസ്തകം

**– നിൽ ഗെയ്മാൻ**

വായിക്കുന്ന കുട്ടി മുതിരുമ്പോൾ ചിന്തിക്കുന്നു

**– നിൽ ഗെയ്മാൻ**

വായന പോലെ ചെലവ് ചുരുങ്ങിയ മറ്റൊരു വിനോദം ഇല്ല അതിൽ നിന്നുണ്ടാകുന്ന ആനന്ദം പോലെ നീണ്ടുനിൽക്കുന്ന മറ്റൊരു ആനന്ദവും ഇല്ല. **– ലേഡി മെൻടാക്**

സ്വർഗം ഒരു വലിയ ലൈബ്രറി ആയിരിക്കുമെന്ന് ഞാൻ കരുതാറുണ്ട് **– ഡോർ ഹെസെ**

ദിവസവും വായനക്കായി ഒരുമണിക്കൂർ മാറ്റിവെയ്ക്കുക അത് നിങ്ങളെ ഏതാനും നാളുകൾക്കുള്ളിൽ തന്നെ അറിവിന്റെ കേന്ദ്രമാക്കി പരിണമിക്കും

**–എ . പി . ജെ അബ്ദുൽ കലാം**

**ഷിഫാന ഫാത്തിമ എസ്**

# മനുഷ്യനും വായനയും



വായന നമ്മളിൽ കുറഞ്ഞു വരികയാണ് ഇപ്പോൾ പത്രങ്ങളിലൂടെ ഫോണുകളിലൂടെ വായിക്കുന്നവരുണ്ടെങ്കിൽ പോലും നമ്മുടെ പരിസരങ്ങളിലെ വായനശാലകളും വീട്ടിലുള്ള പുസ്തകങ്ങളും നമ്മൾ ഉപയോഗപ്പെടുത്തുന്നില്ല. വായനയുടെ സുഖം അറിയുന്നത് പുസ്തകങ്ങളിലൂടെയാണ് . ഓരോ താളുകളും മനസ്സിൽ എന്തെങ്കിലും ബാക്കി വെയ്ക്കും. വായനയുടെ മഹത്വം നമ്മെ ഓർമ്മിപ്പിക്കുവാൻ വേണ്ടിയാണ് എല്ലാ വർഷവും നമ്മൾ ജൂൺ – 19 വായന ദിനമായി ആചരിക്കുന്നത് . പുസ്തകങ്ങളിലൂടെ നാം ലോകത്തെ അറിയണം . പുതിയ പുതിയ കാര്യങ്ങൾ കൂട്ടുകാരുമായി പങ്കു വെയ്ക്കണം . വായന കുറഞ്ഞു വരുന്ന സാഹചര്യത്തിൽ കുട്ടികളായ നമ്മൾ പുസ്തകങ്ങളെ കൂട്ടുപിടിക്കുന്നത് ഒരു നല്ല കാര്യമാണ് . ഇനിയുള്ള തലമുറകളും വായനയെയും പുസ്തകങ്ങളെയും കൂട്ടുപിടിക്കട്ടെ .

**നൂറഫാത്തിമ ബി റ്റി**

# എന്റെ ഭൂമി



കാടുകൾ മേടുകൾ നിറഞ്ഞ ഭൂമി
പുഴകളും മലകളും നിറഞ്ഞ ഭൂമി
കോടാനു വർഷങ്ങളായി നിർമ്മിതമായി
നമ്മുടെ ഹൃദയത്തിൽ ഇടംനേടുന്ന ഭൂമി
പ്രകൃതിയെ നിലനിർത്തുന്ന ഭൂമി
പൂവിനെ തൊട്ടുണർത്തുന്ന ഭൂമി
പഴങ്ങളിൽ മധുരം നിറക്കുന്ന ഭൂമി
സൂര്യനാൽ ചന്ദ്രനാൽ വെളിച്ചമേകുന്ന ഭൂമി
കാറ്റായി തണലായി എന്നെ തഴുകുന്ന ഭൂമി
മഴയും മഞ്ഞും വരുന്ന ഭൂമി
ഏഴു വർണങ്ങളാൽ മഴവില്ലായ്
കറുത്ത നിറത്തിൽ കാർമേഘങ്ങളാൽ വന്ന്
നമ്മെ വിസ്മയിപ്പിക്കുന്ന ഭൂമി
എന്റെ സ്വപ്നമാണെന്റെ ജന്മഭൂമി

**ജസിയ**

# പൂമ്പാറ്റ



പുള്ളി ചിറകുള്ള പൂമ്പാറ്റേ
പുത്തനുടുപ്പിട്ട പൂമ്പാറ്റേ
പൂവുകൾ തോറും പാറി നടന്ന്
തേൻ നുകരുന്നൊരു പൂമ്പാറ്റേ
പുത്തനുടുപ്പിട്ട പൂമ്പാറ്റേ
പുള്ളി ചിറകുള്ള പൂമ്പാറ്റേ
ഒരു നിമിഷം നീ നിന്നാട്ടെ
ചിറകിൽ ഞാനൊന്നു തൊട്ടോട്ടേ
പുള്ളി ചിറകുള്ള പൂമ്പാറ്റേ
പുത്തനുടുപ്പിട്ട പൂമ്പാറ്റേ

**മുഹമ്മദ് അഫ്‌ലഹ്**

# പുലർകാലം



വെട്ടം വീണു കിഴക്കൻ ദിക്കിൽ
കുട്ടി പൂത്തിരിവന്നുയരുന്നു
ഇല്ലിപ്പോളിരുട്ടുമുഴിയിലെങ്ങും
നല്ലൊരു വെള്ളിവെളിച്ചം ഹാ!

നിറയുകയായി നമ്മുടെ ചെവിയിൽ
പറവകൾതൻ  കള കള ഗീതം
വാലുമിളക്കി പൂവാലിപ്പശു
ചാരെ നിന്ന് വിളിക്കുമ്പോൾ

പോലെഴുമൊരു ചെറുമൊന്തയാലിങ്ങനെ
പാലു  കറക്കുകയാണമ്മ
കൊതിയൊടു മതി മതിയെന്നു വിലക്കി
കൊച്ചു കിടാവിതാ തുള്ളുന്നു

വായിക്കാനുണ്ടേറെയെനിക്കും
ഞാനും സഞ്ചിയഴിക്കട്ടെ ,
നേരെ ജോലികൾ ചെയ്യുക
നേരം വെറുതെ കളയരുതേ

**അലീനഫാത്തിമ**

# മഴക്കഥ




ഒരു മേഘം ആകാശത്തിലൂടെ പോവുകയായിരുന്നു.അപ്പോൾ ഒരു മയിൽ ചോദിച്ചു. "നീ എന്താ പെയ്യാത്തത് ? പെയ്താൽ ഞാൻ നിനക്കായ് നൃത്തം ചെയ്യാം ".

അടുത്തതായി ഒരു മീൻ പറഞ്ഞു. "നീ പെയ്യുമോ? എനിക്കിവിടെ കുറച്ചു കൂടി വെള്ളം വേണം".

ഒരു കൃഷിക്കാരൻ പറഞ്ഞു. "നീ പെയ്യു,എങ്കിൽ എനിക്ക് അടുത്ത കൃഷിക്ക് വിത്തിടാമായിരുന്നു".

ഒരു കുട്ടി പറഞ്ഞു. "നീ പെയ്യുകയാണെങ്കിൽ ഞാൻ ഈ പേപ്പർ വഞ്ചി ഒഴുക്കിയേനെ".

...ിച്ചു കൊണ്ട് പെയ്തു. നിറയെ നിറയെ വെള്ളത്തുള്ളികൾ !!! മഴ !!!

മയിൽ സന്തോഷം കൊണ്ട് പീലി വിരിച്ചാടി! കൃഷിക്കാരൻ സന്തോഷത്തോടെ ഞാറ് നട്ടു തുടങ്ങി. എല്ലാവരുടെയും മനസ്സ് നിറച്ച സന്തോഷത്തോടെ മേഘം യാത്ര പറഞ്ഞു പറന്നു നീങ്ങി.

ഐനിൽ മഹ

# എഴുത്തച്ഛന്റെ തത്ത്വചിന്താപരമായ വരികൾ



"ഭക്തി ഹീനന്മാർക്കുമായിരം
ജൻമംകൊണ്ടും സാധിക്കുകയില്ല
തത്ത്വജ്ഞാനം വൈകല്യവും ".
"ജന്മമുണ്ടായാൽ മരണവും നിശ്ചയം "
"തത്ത്വജ്ഞാന്മാർക്കും  സുഖദുഃഖ
ഭേദങ്ങൾ ഒന്നും ചിത്തേ
തോന്നുകയില്ലജ്ഞാനമില്ലായ്മയാൽ"
"മുഖ്യമാം മനുഷ്യജന്മത്തിങ്കലെല്ലാവർക്കുംദുഃഖ
സൗഖ്യങ്ങളിടകലർന്നുണ്ടായിരിക്ക നീ".
"സാമർഥ്യം കൊണ്ടു നീക്കവതെല്ലാം
ദൈവമതം "

# നന്ദി